## നിയമസഭാ യോഗങ്ങളിൽ ഹാജരാകാതിരിക്കാൻ അനുവാദം

മി. സ്പീക്കർ: ഓർഡർ... ഓർഡർ..... കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170 (1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ട് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഒരു അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം.

“ 2019 സെപ്റ്റംബർ 19-ന് ഉണ്ടായ വീഴ്ചയെത്തുടർന്ന് ഞാൻ ചികിത്സയ്ക്ക് വിധേയനാണ്. ഡോക്ടർമാരുടെ ഉപദേശമനുസരിച്ച് എനിക്ക് പൂർണ്ണവിശ്രമം അത്യാവശ്യമാണ്. അതിനാൽ ഒക്ടോബർ 28 മുതൽ നവംബർ 21-വരെയുള്ള 14-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിൽ ഹാജരാകാൻ സാധിക്കാത്തതുകൊണ്ട് എനിക്ക് അവധി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.”

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 170(1) അനുസരിച്ച് സഭയുടെ യോഗങ്ങളിൽ ഹാജരാകാതിരിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. തോമസ് ചാണ്ടി ഒരു അവധി അപേക്ഷ

സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ വായിക്കാം. "എനിക്ക് എറണാകുളത്തുള്ള ആസ്റ്റർ മെഡിസിറ്റിയിൽ മെഡിക്കൽ ട്രീറ്റ്മെന്റ് നടത്തിവരികയായിരുന്നു. എന്നാൽ ടി ഹോസ്പിറ്റലിലെ ഡോക്ടർമാർ അടിയന്തരമായി അമേരിക്കയിൽ വിദഗ്ധ ചികിത്സ നിർദ്ദേശിച്ചിരിക്കുന്നു. ആയതിനാൽ നിശ്ചിത ചികിത്സ അമേരിക്കയിൽ നടത്തുന്നതിനാൽ ഒക്ടോബർ മാസം 28-ാം തീയതി ആരംഭിക്കുന്ന നിയമസഭാ സമ്മേളനത്തിൽ എത്താൻ കഴിയുകയില്ല എന്നുള്ള വിവരം അങ്ങയുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു."

ശ്രീ. എൻ.എ. നെല്ലിക്കുന്ന്, ശ്രീ. തോമസ് ചാണ്ടി എന്നിവർക്ക് 14-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനത്തിലെ സഭയുടെ എല്ലാ യോഗങ്ങളിലും ഹാജരാകാതിരിക്കുന്നതിന് അനുവാദം നൽകുന്നതിന് സഭയ്ക്ക് സമ്മതമാണോ;

സഭയുടെ അനുമതിയോടെ ഹാജരാകാതിരിക്കാൻ അനുവാദം നൽകിയിരിക്കുന്നു.